# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്,
വെള്ളാനിക്കര.

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

E mail: kauagmet@yahoo.co.in

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എഎസ് 11/17, വെള്ളിയാഴ്ച്ച തീയ്യതി 17.03.2017

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 18.03.2017 | 19.03.2017 | 20.03.2017 | 21.03.2017 | 22.03.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 2 | 2 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 34 | 34 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 3 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 008 | 008 | 008 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 230 | 230 | 290 | 290 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ചിനപ്പു പൊട്ടുന്ന പരുവം/ഓലചുരുട്ടിപ്പുഴു | ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രാമ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മി.ല്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | പരിചരണമാർഗ്ഗങ്ങൾ | തെങ്ങിനു നനയും പുതയിടലും നൽകാം. തുള്ളി നനയാണെങ്കിൽ ഒരു ദിവസം 60–70 ലിറ്റർ നൽകണം. ചെറു തൈകൾക്ക് വെയിലിൽ നിന്നും തണലേകി സംരക്ഷണം നൽകണം. |
| വാഴ | പിണ്ടിപ്പുഴു | പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ ഇലക്കവിളുകളിലും ദ്വാരങ്ങളിലും ക്ലോർപൈറിഫോസ് 2 മി.ലി/ ലിറ്റർ അല്ലെങ്കിൽ ക്യുനാൽഫോസ് 2 മി.ലി/ ലിറ്റർ ഒഴിച്ചു കൊടുക്കാവുന്നതാണ്. |
| ഇഞ്ചി, മഞ്ഞൾ | - | ഇഞ്ചിയും മഞ്ഞളും നടാൻ സ്ഥലം ഒരുക്കാം. |
| പച്ചക്കറികൾ (വെണ്ട) | പൗഡറി മിൽഡ്യു | ഇലകളിൽ പൂപ്പൽ മാതിരി വെളുത്ത പൊടി കാണുന്ന രോഗമാണ് പൗഡറി മിൽഡ്യു. കരാത്തേൻ 0.5 മി.ലി /ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |